## ആദിവാസികൾക്ക് ഭൂമിയും വീടും പദ്ധതി

333 (683) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. ഹംസ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിക്കും കൂരയ്ക്കുമായുള്ള ആദിവാസികളുടെ പരാതികൾ സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോ ; ആദിവാസികൾക്ക് ഭൂമിയും അതിലൊരു വീടും പദ്ധതി പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാരിന്റെ ജാഗ്രതക്കുറവും അലംഭാവവുമാണ് ആദിവാസി സമൂഹത്തിന്റെ ഭൂമിയും വീടും പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കാത്തത് എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) പ്രഖ്യാപനങ്ങൾ മാത്രം നടത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിൽ അലംഭാവം കാണിക്കുകയും ചെയ്യുന്നത് കാരണമാണ് ആദിവാസികൾക്ക് ദുരിതങ്ങളിൽ നിന്ന് കരകയറാൻ സാധിക്കാത്തത് എന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ ;

(ഡി) അന്യാധീനപ്പെട്ട ആദിവാസി ഭൂമി കണ്ടെത്തി തിരിച്ചുപിടിച്ച് ആദിവാസികൾക്ക് ലഭ്യമാക്കാനും ഭൂരഹിതരായ സംസ്ഥാനത്തെ എല്ലാ ആദിവാസികൾക്കും ഭൂമി വിതരണം ചെയ്യാനും എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം സർക്കാരിൽ നിന്ന് ഭൂമി വാങ്ങി നൽകി വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് സ്കീം പ്രകാരം ഈ സാമ്പത്തിക വർഷം 2000 വീടുകൾ നൽകിയിട്ടുണ്ട്.

(ബി) ഈ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ അധികരിക്കാതെയും വിസ്തൃതിയുള്ള ഭൂമി വാങ്ങി നൽകുന്ന "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം" എന്ന പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. എന്നാൽ ഭൂവിലയിലുണ്ടായ ഗണ്യമായ വർദ്ധനവും

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാകുന്ന ഭൂമിയുടെ വാസയോഗ്യതാക്കുറവും, ലഭ്യമായ ഭൂമി നടപടിക്രമങ്ങൾ നിയമാനുസൃതം പൂർത്തീകരിച്ച് വിതരണത്തിനെടുക്കുന്നതിനുള്ള കാലതാമസവും ടി പദ്ധതിയുടെ നിർവ്വഹണത്തിനു ചിലയിടങ്ങളിൽ കാലതാമസം സൃഷ്ടിക്കുന്നുണ്ട്.

(സി) ആക്ഷേപം വസ്തുതാപരമല്ല.

(ഡി) ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ആദിവാസി കോളനികളിൽ പച്ചക്കറി സ്വയംപര്യാപ്ത പദ്ധതി നടപ്പാക്കൽ

334 (684) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചക്കറി സ്വയം പര്യാപ്തതാ പദ്ധതി ആദിവാസികോളനികളിലൂടെ നടപ്പാക്കാൻ പട്ടികവർഗ്ഗക്ഷേമ വകുപ്പ് നല്കിയ സഹായസഹകരണങ്ങൾ വിശദമാക്കുമോ ;

(ബി) പദ്ധതി ഏറ്റെടുത്ത വിജയകരമാക്കാൻ കോളനിവാസികളെ സജ്ജരാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കോളനിവാസികളെ സംഘടിപ്പിച്ച് സംയുക്ത കൃഷിരീതി ആവിഷ്കരിക്കാനും കൃഷിക്ക് പാട്ടഭൂമി ലഭ്യമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിലെ പട്ടികവർഗ്ഗ ഊരുകളിൽ പച്ചക്കറി സ്വയംപര്യാപ്തതയ്ക്കുവേണ്ടി 7.624 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. കൃഷി വകുപ്പ് ടി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന ഈ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചക്കറി സ്വയംപര്യാപ്ത പദ്ധതി ആദിവാസി കോളനികളിലൂടെ നടപ്പാക്കുവാൻ ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പ് നല്കുന്നതാണ്.

(ബി) ടി പദ്ധതി ആരംഭിക്കുന്ന മുറയ്ക്ക് പദ്ധതി ഏറ്റെടുത്ത് വിജയകരമാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് എല്ലാ സഹായസഹകരണങ്ങളും നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly